No. CEE/4900/PGM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## 2020–ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി) ഓൺലൈൻ മോപ്പ് അപ്പ് അലോട്ട്മെന്റ് പുതുതായി അപേക്ഷ സമർപ്പിച്ചവർക്ക് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കി

2020–ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി) കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ മോപ്പ്–അപ്പ് അലോട്ട്മെന്റ് നടപടിക്രമങ്ങൾ 16.07.2020–ന് ആരംഭിച്ചിരുന്നു. ഇതിലേയ്ക്കായി 16.07.2020 മുതൽ **22.07.2020 വൈകുന്നേരം 3.00 മണി വരെ** www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് 2020 ജൂലൈ 14–ന് നൽകിയ കത്ത് പ്രകാരം (Letter. No. V.11012/15/2020/_MEP) NEET–2020–ന്റെ കട്ട് ഓഫ് മാർക്ക് കുറച്ചതിന്റെ അടിസ്ഥാനത്തിൽ പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് **16.07.2020 മുതൽ 21.07.2020 3.00 മണി വരെ** ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ പ്രവേശന പരീക്ഷാ കമ്മീഷണർ അവസരം നൽകിയിരുന്നു. ഇപ്രകാരം പുതുതായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളെയും കൂടി പരിഗണിച്ചുകൊണ്ടായിരിക്കും **25.07.2020–ന്** ഓൺലൈൻ മോപ്പ് അപ്പ് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്. പുതുതായി അപേക്ഷ നൽകിയ വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാ അപേക്ഷകർക്കും **24.07.2020 ഉച്ചയ്ക്ക് 12.00 മണി വരെ** ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. അവർ നൽകുന്ന ഓൺലൈൻ ഓപ്ഷന്റെയും റാങ്കിന്റെയും അടിസ്ഥാനത്തിലായിരിക്കും അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്. എല്ലാ വിദ്യാർത്ഥികളും ഉൾപ്പെടുന്ന റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും അലോട്ട്മെന്റിന് മുൻപായി പ്രസിദ്ധീകരിക്കുന്നതായിരിക്കും.

www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷയിൽ നല്കിയിട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് മേൽ വെബ്സൈറ്റിൽ 22.07.2020 മുതൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം ഹോം പേജിലെ 'PG-Medical-2020 Candidate Portal' വഴി അവരവരുടെ അപേക്ഷാ നമ്പരും പാസ്‌വേഡും നല്കി ലോഗിൻ ചെയ്യുമ്പോൾ പ്രൊഫൈൽ പേജ് ലഭ്യമാകുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിലെ 'Memo Details' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ അപേക്ഷയിലെ ന്യൂനതകൾ ദൃശ്യമാകുന്നതാണ്. ന്യൂനതകൾ പരിഹരിക്കാനാവശ്യമായ രേഖകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ 24.07.2020 രാവിലെ 9.00 മണിയ്ക്കകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. നേറ്റിവിറ്റി, നാഷണാലിറ്റി ഫീസ് എന്നിവയിൽ അപാകതകൾ നിലനില്ക്കുന്ന നേരത്തെ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാപേർക്കും അവരുടെ ന്യൂനതകൾ 24.07.2020 രാവിലെ 9.00 മണി വരെ പരിഹരിക്കാവുന്നതും ഇത്തരത്തിൽ അപേക്ഷയിൽ അപാകതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ടുമെന്റ് നടപടി ക്രമങ്ങളിൽ പങ്കെടുപ്പിക്കുന്നതല്ല. മേൽ പറഞ്ഞ രേഖകളും തപാൽ മുഖേനെയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ സ്വീകരിക്കുന്നതല്ല.

വിദ്യാർത്ഥികൾ സമർപ്പിക്കുന്ന ഓപ്ഷനുകളിന്മേൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അവർ നിർബന്ധമായും അതാത് കോളേജുകളിൽ എത്തി പ്രവേശനം നേടേണ്ടതാണ്.

ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷന് പാലിക്കേണ്ട നിബന്ധനകൾ, കോളേജുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ ഓപ്ഷൻ സമർപ്പണം സംബന്ധിച്ച വിജ്ഞാപനം 16.07.2020–ന് പ്രസിദ്ധീകരിച്ചത് നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്.

തിരുവനന്തപുരം
21.07.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**